**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5030** **20-03-2025 - ൽ മറുപടിയ്ക്ക്**

**കുറഞ്ഞ കൂലി നടപ്പിലാക്കിയ മേഖലകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ നിലവിൽ വന്ന ശേഷം ഏതെല്ലാം മേഖലകളിലാണ് കുറഞ്ഞ കൂലി നടപ്പിലാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം, 1948-ലെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും, മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളതുമായ 25 തൊഴിൽ മേഖലകളിലെ മിനിമം വേതനം പുതുക്കി നിശ്ചയിച്ച് കൊണ്ടും, 3 തൊഴിൽ മേഖലകളിലെ മിനിമം വേതനം ആദ്യമായി നിശ്ചയിച്ച്കൊണ്ടും സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനു പുറമെ 8 തൊഴിൽ മേഖലകളിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനോടനുബന്ധിച്ച് സർക്കാർ പ്രാഥമിക വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. മിനിമം വേതനം പുതുക്കി നിശ്ചയിച്ച മേഖലകളുടെയും, ആദ്യമായി മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള മേഖലകളുടെയും വിവരങ്ങൾ **അനുബന്ധം** ആയി ചേർക്കുന്നു. |
| (ബി) | പുതുതായി ഏതെല്ലാം മേഖലകളിലാണ് കുറഞ്ഞ കൂലി നിരക്ക് നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത് എന്ന് അറിയിക്കാമോ? | (ബി) | സംസ്ഥാനത്തെ എയർപോർട്ട്, ചെറുകിട തോട്ടം എന്നീ മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കാൻ ലക്ഷ്യമിട്ട് ടി മേഖലകളെ 1948-ലെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ പറഞ്ഞ മേഖലകളെ കൂടാതെ, 'എംപ്ലോയ്മെന്റ് ഇൻ ജിംനേഷ്യംസ്' മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിക്കാൻ ലക്ഷ്യമിട്ട് സർക്കാർ ടി മേഖലയെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനോടനുബന്ധിച്ച് 03.03.2025-ലെ LBRD-E1/111/2024-LBRD നമ്പരായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## **ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മിനിമം വേതനം പുതുക്കി നിശ്ചയിച്ച മേഖലകൾ**

1) എംപ്ലോയ്മെന്റ് ഇൻ അലുമിനിയം & ടിൻ പ്രോഡക്ട്സ്
2) എംപ്ലോയ്മെന്റ് ഇൻ ബ്രൂവറീസ്
3) എംപ്ലോയ്മെന്റ് ഇൻ മെക്കനൈസ്ഡ് ഫിഷ് ക്യാച്ചിംഗ്
4) എംപ്ലോയ്മെന്റ് ഇൻ ഇലക്ട്രോണിക്സ് ഇൻഡസ്ട്രീസ്
5) എംപ്ലോയ്മെന്റ് ഇൻ മൈനർ എഞ്ചിനീയറിംഗ്
6) എംപ്ലോയ്മെന്റ് ഇൻ സോപ്പ് മാനുഫാക്ക്ച്ചറിംഗ്
7) എംപ്ലോയ്മെന്റ് ഇൻ സ്റ്റാർ ഹോട്ടൽസ്
8) എംപ്ലോയ്മെന്റ് ഇൻ ടൈൽ ഇൻഡസ്ട്രി
9) എംപ്ലോയ്മെന്റ് ഇൻ ടാനറീസ് & ലെതർ മാനുഫാക്ക്ച്ചറിംഗ്
10) എംപ്ലോയ്മെന്റ് ഇൻ ടിംബർ ഇൻഡസ്ട്രി
11) എംപ്ലോയ്മെന്റ് ഇൻ പ്ലൈവുഡ് ഇൻഡസ്ട്രി
12) എംപ്ലോയ്മെന്റ് ഇൻ ടെലിഫിലിം & മോഷൻ പിക്ച്ചർ
13) എംപ്ലോയ്മെന്റ് ഇൻ പവർ ലൂം ഇൻഡസ്ട്രി
14) എംപ്ലോയ്മെന്റ് ഇൻ ടിംബർ കട്ടിംഗ്, ഫെല്ലിംഗ് & ട്രാൻസ്പോർട്ടേഷൻ ഓഫ് ലോഗ്സ് ഇൻഡസ്ട്രി
15) എംപ്ലോയ്മെന്റ് ഇൻ വാട്ടർ ബോട്ട് ട്രാൻസ്പോർട്ട് അദർ ദാൻ മോട്ടോർ ബോട്ട് ട്രാൻസ്പോർട്ട്
16) എംപ്ലോയ്മെന്റ് ഇൻ മാനുഫാക്ക്ച്ചറിംഗ് & സെയിൽ ഓഫ് അമ്പ്രല്ല
17) എംപ്ലോയ്മെന്റ് ഇൻ ഇലക്ട്രിക് എകിപ്പ്മെന്റ്സ്, ഹോം അപ്ലൈൻസ് & സോഫ്റ്റ്വെയർ സിസ്റ്റം ഇൻഡസ്ട്രി
18) എംപ്ലോയ്മെന്റ് ഇൻ ഹാന്റിലിംഗ് & കെയർ ഓഫ് എലിഫെന്റ്സ്
19) എംപ്ലോയ്മെന്റ് ഇൻ ഹോസ്റ്റൽസ്
20) എംപ്ലോയ്മെന്റ് ഇൻ കയർ ഇൻഡസ്ട്രി
21) എംപ്ലോയ്മെന്റ് ഇൻ കാഷ്യൂ ഇൻഡസ്ട്രി
22) എംപ്ലോയ്മെന്റ് ഇൻ ബ്രിക്സ് മാനുഫാക്ക്ച്ചറിംഗ്
23) എംപ്ലോയ്മെന്റ് ഇൻ വയർകട്ട് ബ്രിക്സ്
24) എംപ്ലോയ്മെന്റ് ഇൻ മെഡിക്കൽ ഷോപ്പ്
25) എംപ്ലോയ്മെന്റ് ഇൻ പേപ്പർ പ്രോഡക്ഷൻ ഇൻഡസ്ട്രീസ്

## ആദ്യമായി മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള മേഖലകൾ

1) എംപ്ലോയ്മെന്റ് ഇൻ മീഡിയാ സെക്ടർ

2) എംപ്ലോയ്മെന്റ് ഇൻ ടി.എം.ടി സ്റ്റീൽ ബാർസ്

3) എംപ്ലോയ്മെന്റ് ഇൻ സ്വകാര്യ ആയുർവേദ, ഹോമിയോ, ഡെന്റൽ ഹോസ്പിറ്റൽ, പ്രൈവറ്റ് ഇന്ത്യൻ ട്രെഡീഷണൽ സിസ്റ്റം ഓഫ് മെഡിസിൻ, സിദ്ധ, യുനാനി ആന്റ് മർമ്മ ഹോസ്പിറ്റൽസ്, ഇൻഡിപെൻഡന്റ് സ്കാനിംഗ് സെന്റർ, എക്സ്റേ യൂണിറ്റ്സ്, ലബോറട്ടറീസ്, ഫാർമസീസ്, ബ്ലഡ് ബാങ്ക്സ് & കാത്ത് ലാബ്സ്

സെക്ഷൻ ഓഫീസർ.